16
ബുധൻ
2018 മെയ്
1193 ഇടവം 2

# മക്തബ്

www.makthabdaily.com

**സംരംഭകർക്കൊരു സന്തോഷ വാർത്ത**

സൂപ്പർമാർക്കറ്റ്, ബേക്കറി, ഷോറൂമുകൾ, കൂൾബാർ, ബ്യൂട്ടി പാർലറുകൾ, സർവ്വീസ് സെന്റർ, ഫാസ്റ്റ് ഫുഡ്, ഫർണ്ണീച്ചർ ഷോപ്പ് തുടങ്ങി വിവിധ സംരംഭങ്ങൾക്ക് ആലക്കോട്, കരുവഞ്ചാൽ, ചാണോക്കുണ്ട് ടൗണുകളിൽ ബിൽഡിംഗ് റൂമുകൾ, P P ബിൽഡിംഗ്, ക്വാർട്ടേഴ്സുകൾ വാടകയ്ക്ക്. ബന്ധപ്പെടുക.

Mob: 8921076673, 9446467028

തളിപ്പറമ്പ | പുസ്തകം 11 ലക്കം 171 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2018-20 Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ

ധർമ്മശാലയിൽ സർക്കാർ മദ്യശാല തുടങ്ങുന്നതിനെതിരെ ഉപരോധം നടത്തിയവരെ കാണാനില്ല

## സർക്കാർ വാദം പൊളിഞ്ഞു; ബക്കളത്ത് പുതിയ ബാർ തുറക്കുന്നു

തളിപ്പറമ്പ: താഴെ ബക്കളത്ത് പുതിയ ബാർ തുറക്കുന്നു. ദേശീയപാതക്കരികെ ഫോർ സ്റ്റാർ ഹോട്ടലായ 'സ്നേഹഇൻ' ലാണ് പുതിയ ബാർ അനുവദിച്ചത്. സംസ്ഥാന സർക്കാരാണ് ബാർ അനുവദിച്ച് ഉത്തരവിറക്കിയത്. സംസ്ഥാനത്ത് പുതിയ ബാറുകൾ തുടങ്ങില്ലെന്ന് നിയമസഭയിലും പുറത്തും എക്സൈസ് മന്ത്രി ആവർത്തിച്ച് പ്രഖ്യാപിക്കുന്നതിനിടയിലാണ് ഇവിടെ ബാർ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിട്ടത്. ബാർ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഹോട്ടലുടമ സർക്കാരിനെ സമീപിച്ചിരുന്നു. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഈ അപേക്ഷ തള്ളുകയായിരുന്നു. അതാണ് പിണറായി സർക്കാർ അനുവദിച്ചത്. രണ്ട് കിലോമീറ്റർ അകലെ ധർമ്മശാലയിൽ സിവിൽ സപ്ലൈസ് വകുപ്പ് മദ്യ വിൽപ്പനശാല തുടങ്ങാൻ തീരുമാനിച്ചപ്പോൾ പുന്നക്കുളങ്ങര-ബക്കളം നിവാസികളായ സ്ത്രീകളടക്കം ദിവസങ്ങളോളം ഉപരോധം നടത്തിയാണ് അത് പൂട്ടിച്ചത്. സി.പി.എം ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികൾ സമരത്തിന് പിന്തുണയുമായി രംഗത്തിറങ്ങിയിരുന്നു. എന്നാൽ ബാർ അനുവദിച്ചതിനെതിരെ പ്രതിഷേധ ശബ്ദമൊന്നും ഉയർന്നിട്ടില്ല. ലോക്സഭ തിരഞ്ഞെടുപ്പിന് മുന്നേ അപേക്ഷിച്ചവർക്കൊക്കെ ബാർ അനുവദിക്കാൻ ഉന്നതതലത്തിൽ നീക്കം ആരംഭിച്ചിട്ടുണ്ട്. കോടികളാണ് ഇതിന്റെ പേരിൽ ഇടനിലക്കാർ മുഖേന രാഷ്ട്രീയ പാർട്ടികൾക്കും ഉന്നത എക്സൈസ് ഉദ്യോഗസ്ഥർക്കും വേണ്ടി ബാർ ഉടമകൾ പിരിച്ചെടുക്കുന്നതെന്ന ആരോപണം ശക്തമാണ്. കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കാലത്ത് മന്ത്രി മാണിക്ക് വേണ്ടി ബാർ ഉടമകൾ കോടികൾ പിരിച്ചെന്ന ആരോപണം എൽ.ഡി.എഫ് ഉയർത്തിയിരുന്നു.

കേസിൽ കുടുക്കാൻ ശ്രമിച്ചത് ലൈംഗിക പീഡനക്കേസ് ഒതുക്കാൻ വിസമ്മതിച്ചതിന്

# ഗൃഹനാഥനെ കഞ്ചാവ് കേസിൽ കുടുക്കാൻ ശ്രമം; മുൻ വൈദികനും പ്രതിയാകും

ശ്രീകണ്ഠപുരം: വ്യക്തി വിരോധം തീർക്കാൻ സ്കൂട്ടറിന്റെ സീറ്റിനടിയിൽ കഞ്ചാവ് കൊണ്ടുവച്ച് ഗൃഹനാഥനെ കേസിൽ കുടുക്കാൻ ശ്രമിച്ചതിന് മുൻ വൈദികനെതിരെ കേസെടുത്തു.

2017 മെയ് 29ന് ചാപ്പക്കടവിലെ തോട്ടത്തിൽ ജോസഫിന്റെ വീട്ടുമുറ്റത്തെ സ്കൂട്ടിയിൽ നിന്ന് ഒരു കിലോ 175 ഗ്രാം ഉണക്ക കഞ്ചാവ് ശ്രീകണ്ഠപുരം എക്സൈസ് സംഘം പിടികൂടിയിരുന്നു. എക്സൈസിന് ലഭിച്ച ഫോൺ സന്ദേശത്തെ തുടർന്നാണ് കഞ്ചാവ് പിടികൂടിയത്. തങ്ങൾ നിരപരാധികളാണെന്ന് ജോസഫും കുടുംബവും അന്ന് തന്നെ വ്യക്തമാക്കിയിരുന്നു. തുടർന്ന് ജോസഫും നാട്ടുകാരും മുഖ്യമന്ത്രിക്ക് പരാതി നൽകി. ഇതേ തുടർന്ന് തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാലനെ അന്വേഷണത്തിന് നിയോഗിച്ചു.

നിർബന്ധമായും സ്കൂട്ടർ പരിശോധിക്കണമെന്നും സ്കൂട്ടറിൽ താക്കോൽ ഇല്ലെന്നും സീറ്റ് ഉയർത്തി നോക്കിയാൽ കഞ്ചാവ് കാണുമെന്നും എക്സൈസിന് ലഭിച്ച ഫോൺ വിളിയിൽ വ്യക്തമാക്കിയിരുന്നു. ഇത്രയും കൃത്യമായി കാര്യങ്ങൾ പറഞ്ഞത് സംശയത്തിനിടനൽകിയിരുന്നു. തുടർന്ന് നടന്ന അന്വേഷണത്തിൽ വയത്തൂർ കാലാങ്കിയിലെ തെക്കെമുറിയിൽ സണ്ണി വർഗീസ് (49), നുച്ചിയാട് അലവിക്കുന്നിലെ പി.എൽ.റോയി (38) എന്നിവരാണ് സംഭവത്തിന് പിറകിലെന്ന് വ്യക്തമായി. തങ്ങൾ പിടിയിലാകുമെന്ന് ഉറപ്പായതോടെ പ്രതികൾ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യത്തിന് സമീപിച്ചു. എന്നാൽ ഇത് തള്ളപ്പെട്ടതോടെ രണ്ടുപേരെയും ഇന്നലെ തളിപ്പറമ്പ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എം.നൗഷാദ് അറസ്റ്റ് ചെയ്യുകയായിരുന്നു.



*അറസ്റ്റിലായ റോയിയും സണ്ണി വർഗ്ഗീസും*

ഇരിട്ടിയിലെ സെമിനാരി വികാരിയായിരുന്ന മാട്ടറ കാലാങ്കി സ്വദേശി ഫാ. ജയിംസിന്റെ സഹോദരനാണ് സണ്ണി വർഗീസ്. ഇയാൾ പോസ്റ്റ് മാസ്റ്ററാണ്. ഒരു സെമിനാരി വിദ്യാർത്ഥിയെ ഫാ. ജയിംസ് പീഡിപ്പിച്ചിരുന്നു. അതിനെതിരെ ജോസഫ് രംഗത്ത് വന്നിരുന്നു. ലൈംഗിക പീഡനക്കേസ് ഒതുക്കാൻ ജോസഫിന് മേൽ കടുത്ത സമ്മർദ്ദമുണ്ടായെങ്കിലും അദ്ദേഹം വഴങ്ങിയില്ല. ഫാ. ജയിംസിനെ പോലീസ് പിടികൂടുകയും ചെയ്തു. തുടർന്ന് ഇയാളെ സഭയിൽ നിന്ന് പുറത്താക്കി. ഈ വിരോധത്തിന് ഫാ. ജയിംസും സണ്ണിയും ചേർന്ന് ഗൂഢാലോചന നടത്തിയാണ് തോട്ടത്തിൽ ജോസഫിനെ കഞ്ചാവ് കേസിൽ കുടുക്കാൻ തീരുമാനിക്കുകയും അദേഹത്തിന്റെ സ്കൂട്ടറിൽ കഞ്ചാവ് കൊണ്ടുവെക്കുകയും ചെയ്തത്. സണ്ണിയുടെ സുഹൃത്തായ മെഡിക്കൽ സ്റ്റോർ ജീവനക്കാരൻ റോയി ഇതിന് സഹായം നൽകുകയായിരുന്നു. സണ്ണിയാണ് ജോസഫിന്റെ സ്കൂട്ടറിൽ കഞ്ചാവുണ്ടെന്ന് ശ്രീകണ്ഠപുരം എക്സൈസിനെ ഫോൺ ചെയ്ത് അറിയിച്ചത്.

### ഉപയോഗിച്ചത് കന്യാസ്ത്രീയുടെ സിംകാർഡ്

ശ്രീകണ്ഠപുരം: ചാപ്പക്കടവിലെ തോട്ടത്തിൽ ജോസഫിനെ കഞ്ചാവ് കേസിൽ കുടുക്കാൻ സണ്ണി വർഗീസ് ഉപയോഗിച്ചത് കന്യാസ്ത്രീയുടെ സിം കാർഡ്. ഹൈദരാബാദിൽ സേവനമനുഷ്ഠിക്കുന്ന കന്യാസ്ത്രീ സണ്ണി വർഗീസിന്റെ നാട്ടുകാരിയാണ്. ഇവർ നാട്ടിൽ വന്ന് തിരിച്ചുപോകുമ്പോൾ സിം കാർഡ് ഓട്ടോറിക്ഷാ ഡ്രൈവറായ സഹോദരനെ ഏൽപ്പിച്ചിരുന്നു. ഈ സഹോദരൻ സണ്ണിയുടെ സുഹൃത്താണ്. ഈ ബന്ധം ഉപയോഗിച്ച് കന്യാസ്ത്രീയുടെ സിം കാർഡ് കൈക്കലാക്കിയാണ് സണ്ണി എക്സൈസ് ഓഫീസിലേക്ക് ഫോൺ ചെയ്തത്. ഓട്ടോഡ്രൈവറെ ചോദ്യം ചെയ്തപ്പോൾ ഇക്കാര്യം സ്ഥിരീകരിച്ചിരുന്നു.

# സത്യപ്രതിജ്ഞക്ക് അനുമതി തേടി യെദ്യൂരപ്പ രാജ്ഭവനിൽ

## 20ഓളം എം.എൽ.എമാർ എത്തിയില്ല • കോൺഗ്രസ് പാർലമെന്ററി യോഗം തുടങ്ങാനായില്ല

ബംഗ്ളൂരു: കർണ്ണാടകയിൽ അധികാര വടംവലി തുടരുന്നതിനിടയിൽ ബി.ജെ.പി നിയമസഭ കക്ഷി നേതാവ് യെദ്യൂരപ്പ സത്യപ്രതിജ്ഞക്ക് അനുമതി തേടി ഗവർണ്ണറെ സന്ദർശിച്ചു. ഇന്ന് രാവിലെയാണ് അദേഹം ബി.ജെ.പി എം.എൽ.എമാർക്കൊപ്പം രാജ്ഭവനിൽ ഗവർണ്ണറെ സന്ദർശിച്ചത്. ബി.ജെ.പി പാർലമെന്ററി പാർട്ടി നേതാവായി തന്നെ തിരഞ്ഞെടുത്ത കത്ത് ഗവർണ്ണർക്ക് കൈമാറിയ വി.എസ്.യെദ്യൂരപ്പ സർക്കാർ ഉണ്ടാക്കാൻ തന്നെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. നാളെ സത്യപ്രതിജ്ഞ ചെയ്യാൻ അനുവദിക്കണമെന്നാണ് അദേഹം ആവശ്യപ്പെട്ടത്. ഗവർണ്ണർ ഉചിതമായ തീരുമാനമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കൂടിക്കാഴ്ചക്ക് ശേഷം യെദ്യൂരപ്പ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

അതിനിടെ കോൺഗ്രസ് പാർലിമെന്ററി പാർട്ടി യോഗം അനിശ്ചിതത്വത്തിലായി. ഇന്ന് രാവിലെ 8.30ന് ചേരാൻ തീരുമാനിച്ച യോഗം ഉച്ചവരെയും ആരംഭിച്ചിട്ടില്ല. കോൺഗ്രസിന് 78 എം.എൽ.എമാരാണുള്ളത്. എന്നാൽ 20 ഓളം എം.എൽ.എമാർ യോഗത്തിന് എത്തിയിട്ടില്ല. വടക്കൻ കർണ്ണാടകയിൽ നിന്നുള്ള എം.എൽ.എമാരാണ് എത്താതിരുന്നത്. ഇവരെ പ്രത്യേക വിമാനത്തിൽ കൊണ്ടുവരാൻ നീക്കം നടക്കുന്നുണ്ട്. എന്നാൽ നാല് എം.എൽ.എമാർ എവിടെയാണെന്നതിനെ കുറിച്ച് കോൺഗ്രസ് നേതാക്കൾക്ക് വിവരമൊന്നുമില്ല. ഇതിൽ രണ്ട് എം.എൽ.എമാർ ബെല്ലാരിയിൽ നിന്നുള്ളവരാണ്. ആനന്ദ്, നാഗേഷ് എന്നീ എം.എൽ.എമാർ ബി.ജെ.പിയിൽ നിന്ന് കോൺഗ്രസിലെത്തിയവരാണ്. ബെല്ലാരിയിലെ റെഡ്ഡി സഹോദരന്മാർ ബി.ജെ.പിക്ക് പിന്തുണ തേടി ഇവരെ സമീപിച്ചിട്ടുണ്ട്.

അതിനിടെ ഒരു സ്വതന്ത്ര എം.എൽ.എ ബി.ജെ.പിക്ക് പിന്തുണ പ്രഖ്യാപിച്ചു. ആർ.ശങ്കറാണ് പിന്തുണ പ്രഖ്യാപിച്ചത്. ഇന്ന് രാവിലെ ബി.ജെ.പി നേതാവ് ഈശ്വരപ്പക്കൊപ്പം യെദ്യൂരപ്പയെ സന്ദർശിച്ചാണ് ശങ്കർ പിന്തുണ അറിയിച്ചത്.

## എം.എൽ.എയുടെ വില 100 കോടി

ബംഗ്ളൂരു: കർണ്ണാടകയിൽ സർക്കാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കുതിരക്കച്ചവടം തുടങ്ങി. കോൺഗ്രസ് - ജെ.ഡി.എസ്. എം.എൽ.എമാരെ വൻതുക വാഗ്ദാനം ചെയ്ത് ബി.ജെ.പി നേതാക്കൾ സമീപിക്കുന്നതായാണ് ആരോപണം. എം.എൽ.എമാർക്ക് 100 കോടി രൂപ വാഗ്ദാനം ചെയ്തതായി കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ആരോപിച്ചു. ബി.ജെ.പി നേതാക്കളായ ശ്രീരാമലു, കെ.എസ്. ഈശ്വരപ്പ എന്നിവരാണ് കുതിരക്കച്ചവടത്തിന് രംഗത്തിറങ്ങുന്നതത്രെ. കോൺഗ്രസിലെ അഞ്ച് എം.എൽ.എമാരും ജെ.ഡി.എസിലെ നാല് എം.എൽ.എമാരും മറുപക്ഷത്തേക്ക് ചാടിയതായാണ് സൂചന. ഇവരോട് എം.എൽ.എ സ്ഥാനം രാജിവെക്കാനാണ് ബി.ജെ.പി ആവശ്യപ്പെട്ടിട്ടുള്ളത്. 222 അംഗ നിയമസഭയിൽ ഏറ്റവും വലിയ കക്ഷിയായ ബി.ജെ.പിക്ക് 104 സീറ്റുകളാണ് ഉള്ളത്. 13ഓളം എം.എൽ.എമാരെ രാജിവെപ്പിക്കാൻ കഴിഞ്ഞാൽ ബി.ജെ.പിക്ക് ഭൂരിപക്ഷം നേടാൻ കഴിയും. ഇതിനുള്ള ശ്രമമാണ് നടക്കുന്നത്. ജനതാദൾ (എസ്) എം.എൽ.എമാരെ ഒരു ഹോട്ടലിൽ പാർപ്പിച്ചിരിക്കുകയാണ്. ഇവിടേക്ക് കേന്ദ്രമന്ത്രി പ്രകാശ് ജാവേദ്കർ തന്നെ എത്തിയിരുന്നു. കോൺഗ്രസ് എം.എൽ.എമാരെ പാർപ്പിക്കാൻ ബംഗ്ളൂരുവിലെ ഹോട്ടലിലെ 120ഓളം മുറികൾ ബുക്ക് ചെയ്തിരിക്കുകയാണ്.



*പോലീസ് പിടിച്ചെടുത്ത ഐസ്ക്രീം ബോംബുകളും സ്റ്റീൽ ബോംബ് നിർമ്മാണ സാമഗ്രികളും*

## മട്ടന്നൂരിൽ നിന്ന് ഐസ്ക്രീം ബോംബുകളും ബോംബ് നിർമ്മാണ സാമഗ്രിയും കണ്ടെടുത്തു

മട്ടന്നൂർ: പോലീസ് നടത്തിയ റെയ്ഡിൽ ചാവശേരി മുഖപ്പറമ്പിൽ നിന്ന് രണ്ട് ഐസ്ക്രീം ബോംബുകളും സ്റ്റീൽ ബോംബ് നിർമ്മാണ സാമഗ്രിയും കണ്ടെടുത്തു. ഇന്ന് രാവിലെ ബോംബ് സ്ക്വാഡ് എസ്.ഐ ശശിധരൻ, മട്ടന്നൂർ എസ്.ഐ ശിവൻ ചോടോത്ത് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് ഇവ കണ്ടെടുത്തത്. സ്റ്റീൽ ബോംബ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന തകര പാത്രമാണ് ഐസ്ക്രീം ബോംബുകൾക്കൊപ്പം കണ്ടെടുത്തത്. കുറ്റിക്കാട്ടിൽ ഒളിപ്പിച്ചുവെച്ച നിലയിലായിരുന്നു ഇവ. പോലീസ് നായ ചേതക്കിന്റെ സഹായത്തോടെയായിരുന്നു റെയ്ഡ്. ആയുധങ്ങൾ കണ്ടെടുക്കാൻ തിരച്ചിൽ തുടരുകയാണ്.

## തട്ടിപ്പ് കേസിൽ പി. ശശിയുടെ സഹോദരനെ രക്ഷിക്കാൻ ശ്രമമെന്ന് ആരോപണം

കോഴിക്കോട്: തട്ടിപ്പ് കേസിൽ സി.പി.എം മുൻ ജില്ലാ സെക്രട്ടറി പി.ശശിയുടെ സഹോദരൻ പി. സതീശനെ രക്ഷിക്കാൻ പോലീസ് നീക്കമെന്ന് ആരോപണം. പരാതിക്കാരിയുടെ മൊഴിയുടെ പ്രധാന ഭാഗങ്ങൾ ഒഴിവാക്കി എഫ്.ഐ.ആർ തയ്യാറാക്കിയതാണ് ആരോപണത്തിന് ഇടയാക്കിയത്.

പറവൂർ സ്വദേശിനി പ്രതിഭയാണ് തട്ടിപ്പിന് ഇരയായത്. ആശ്രിത നിയമനം വാഗ്ദാനം ചെയ്ത് രണ്ടരലക്ഷം രൂപ തട്ടിയെടുക്കുകയായിരുന്നത്രെ. മുഖ്യമന്ത്രിയുടെയും സി.പി.എം നേതാക്കളുടെയും പേരു പറഞ്ഞാണ് തട്ടിപ്പ് നടത്തിയതെന്ന് പ്രതിഭ നൽകിയ പരാതിയിലും പോലീസിന് നൽകിയ മൊഴിയിലും പറഞ്ഞിരുന്നു. എന്നാൽ എഫ്.ഐ.ആറിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. പരാതിയിലെ പ്രധാന ഭാഗം ഒഴിവാക്കി എഫ്.ഐ.ആർ തയ്യാറാക്കിയത് പ്രതിയെ രക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നാണ് ആരോപണം.

## ലഹരി ഗുളികകളുമായി യുവാവ് പിടിയിൽ

പയ്യന്നൂർ: പയ്യന്നൂർ റെയിഞ്ചിലെ അസി. എക്സൈസ് ഇൻസ്പെക്ടർ ബാബുരാജിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ പയ്യന്നൂർ പഴയ ബസ്സ്റ്റാന്റ് പരിസരത്ത് വെച്ച് ലഹരി ഗുളികകളായ സ്പാസ്മോ പ്രോക്സിവോൺ പ്ലസ് എന്ന എച്ച് വൺ വിഭാഗത്തിൽപെട്ട ട്രമാഡോൾ അടങ്ങിയ മയക്ക് ഗുളികകളുമായി യുവാവിനെ പിടികൂടി. മാടായി ചൂട്ടാടെ കെ.ഷൗക്കത്താണ് (24) പിടിയിലായത്. കേരളത്തിൽ തന്നെ ആദ്യമായാണ് ഈയിനത്തിൽ പെടുന്ന ഗുളികകൾ പിടിച്ചെടുക്കുന്നതെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറയുന്നു. പ്രിവന്റീവ് ഓഫീസർമാരായ സന്തോഷ് തൂണോളി, ശശി ചേണിച്ചേരി, സിവിൽ എക്സൈസ് ഓഫീസർമാരായ ശ്രീനിവാസൻ, പി.വി.കമലാക്ഷൻ, പി.കെ.ജനാർദ്ദനൻ, ശരത്ത്, വിജിത്ത്, ഫെമിൻ, കെ.ടി.മനോജ് എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

ദഅ്വ ക്ലാസ്സുകളുമായി ചരിത്രം സൃഷ്ടിച്ചുകൊണ്ട്
**വിജയകരമായ 19–ാം വർഷത്തിലേക്ക് !**

**അൽ–ഹിദായ അറബിക് കോളേജ്**
മന്ന-തളിപ്പറമ്പ 670 142

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

- SSLC പാസായവർക്ക് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ദ്വിവർഷ അഫ്സലുൽ ഉലമ പ്രിലിമിനറി കോഴ്സ് (+2 തത്തുല്യം, UP സ്കൂൾ അധ്യാപന യോഗ്യത)
- +2 പാസായവർക്ക് BA അഫ്സലുൽ ഉലമ കോഴ്സ് (3 വർഷം)
- ഡിഗ്രി കഴിഞ്ഞവർക്കും തുടർ പഠന യോഗ്യത നേടാത്തവർക്കും വിവാഹിതർക്കും ഉയർന്ന മത പഠനത്തിനായി മോറൽ ഡിപ്ലോമ കോഴ്സ്
  ദൗറ: ശരീഅ: (2 വർഷം)

ഞങ്ങളുടെ പ്രത്യേകതകൾ
- പരിചയസമ്പന്നരായ അധ്യാപകർ
- വനിതാ ദഅ്വാ ക്ലാസ്സുകൾക്കുള്ള പ്രത്യേക പരിശീലനം
- വ്യക്തിത്വ വികസന-മനശാസ്ത്ര ക്ലാസ്സുകൾ
- പ്രീമാരിറ്റൽ കോഴ്സ്
- വിദ്യാർത്ഥി ഫാമിലി കൗൺസിലിംഗ് സൗകര്യം
- സുരക്ഷിത കാമ്പസ് - തികഞ്ഞ അച്ചടക്കം
- ലൈഫ് സ്കിൽ ഡവലപ്മെന്റ് ആക്ടിവിറ്റികൾ
- മിതമായ ഫീസ്, ഉയർന്ന പഠന നിലവാരം

അഡ്മിഷന് ബന്ധപ്പെടുക
9947 347 211
9349 203 683
9747 587 935

ക്ലാസ്സുകൾ ജൂൺ 4ന് ആരംഭിക്കുന്നു

*Bright for Better Future*

**ബ്രൈറ്റ് കോളേജ്**
ഹൈവേ പള്ളിക്ക് എതിർവശം, ന്യൂ ബസാർ, തളിപ്പറമ്പ
Ph: 9446 262 698, 9400 446813, 8301962329

കോഴ്സുകൾ **B.Com, BA, +1,+2**

പ്രീ പ്രൈമറി & മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ്
ഗവ. അംഗീകൃതം

TUITION FOR ALL CLASSES

14 തികഞ്ഞ ആർക്കും SSLC
(5 വിഷയങ്ങൾ മാത്രം)
6 മാസം കൊണ്ട് +2
(മലയാളത്തിലും എഴുതാം)

അഡ്മിഷൻ തുടരുന്നു

ഈ വർഷം പ്ലസ്ടു തോറ്റവർക്ക് 3 വിഷയങ്ങൾ മാത്രം പഠിച്ച് +2 പാസ്സാകാം